**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4253** **28-10-2021 - ൽ മറുപടിയ്ക്ക്**

**ലീസ് ഭൂമിയിൽ നിന്നും പാറഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri. P. Rajeeve (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലീസ് ഭൂമിയിൽ നിന്നും പാറഖനന അനുമതിയ്ക്കായി എന്തെല്ലാം രേഖകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ; ഖനനാനുമതിക്കായി ഹാജരാക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ താഴെ നൽകുന്നു. 1) ഇൻകം ടാക്സ് സംബന്ധിച്ച നോട്ടറി അഫിഡവിറ്റ് 2) തഹസിൽദാരിൽ നിന്നും ലഭിച്ച സർവ്വെ മാപ്പ്. 3) കൈവശാവകാശ സർട്ടിഫിക്കറ്റ് 4) പുറമ്പോക്ക് ഭൂമിയാണെങ്കിൽ ജില്ലാ കളക്ടറുടെ എൻ.ഒ.സി. 5) ഡീമാർക്കേഷൻ സർട്ടിഫിക്കറ്റ് 6) നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ്. 7) ഭൂവുടമയുടെ നോട്ടറി സാക്ഷ്യപ്പെടുത്തിയ 200 രൂപ മുദ്രപത്രത്തിൽ ഉള്ള സമ്മതപത്രം. 8) 10000 രൂപ ഫീസ് അടച്ചതിന്റെ ചലാൻ 9) അപേക്ഷകരുടെയും വസ്തു ഉടമയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ ആധാർ കാർഡിന്റെ പകർപ്പ്. 10) ജനറൽ അഫിഡവിറ്റ് 11) കമ്പനി ആണെങ്കിൽ റെസല്യൂഷൻ ഹാജരാക്കണം 12) പാർട്ണർഷിപ്പ് ആണെങ്കിൽ പാർട്ണർഷിപ്പ് ഡീഡ് ഹാജരാക്കണം. ഖനനാനുമതിക്കായി ഹാജരാക്കേണ്ട രേഖകളുടെ ചെക്ക് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഒന്നിൽ കൂടുതൽ പേർക്ക് അവകാശമുള്ള ലീസ് ഭൂമിയിൽ ഖനനാനുമതി നൽകുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരാണെന്നും എന്തൊക്കെയാണ് ഇവർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതെന്നും വ്യക്തമാക്കുമോ; | (ബി) | ഖനനാനുമതി നൽകുന്നത് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറാണ്. അപേക്ഷകൻ, നിലവിൽ ഇൻഡിവിജ്വൽ, പ്രൈവറ്റ് കമ്പനി, പബ്ലിക് കമ്പനി, ഫേം / അസോസിയേഷൻ, ഇതിൽ ഏത് വിഭാഗത്തിൽപ്പെടുന്നുവോ ആയത് സംബന്ധിച്ച രേഖകൾ പരിശോധിക്കാറുണ്ട്. |
| (സി) | പ്രസ്തുത ഭൂമിയിൽ ഖനനാനുമതി നൽകുമ്പോൾ ഭൂമി രജിസ്റ്റർ ചെയ്തിരിക്കുന്ന മുഴുവൻ പേരുടെയും അറിവും സമ്മതവും ആവശ്യമുണ്ടോ; ഇത് സംബന്ധിച്ച് എന്തെല്ലാം പരിശോധനകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ; | (സി) | മുഴുവൻ പേരുടെയും അറിവും സമ്മതവും ആവശ്യമാണ്. ഖനനാനുമതിക്കായി അപേക്ഷിച്ചിട്ടുള്ള സ്ഥലത്തിന്റെ ആധാരം, പൊസഷൻ സർട്ടിഫിക്കറ്റ്, നോട്ടറി സാക്ഷ്യപ്പെടുത്തിയ 200 രൂപ മുദ്രപത്രത്തിൽ ഉള്ള സമ്മതപത്രം, വസ്തുവുമായി ബന്ധപ്പെട്ട മുഴുവൻ റവന്യൂ രേഖകൾ എന്നിവ പരിശോധിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ? | (ഡി) | പാറ ഖനനത്തിന് ക്വാറിയിംഗ് ലീസ് നൽകുമ്പോൾ "ലൈസൻസ് ഫീസ്" എന്ന ഇനത്തിൽ തുക ഈടാക്കുന്നത് സംബന്ധിച്ച് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ